Kerala Gazette No. 24 dated 12th June 1984.
PART II

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നമ്പർ : 2377/എൽ. എ. 4 എ/83.

തിരുവനന്തപുരം,
തീയതി 1983 ഫെബ്രുവരി 24.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം, 1983-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില സംഘങ്ങളെ സംബന്ധിച്ച് കൂടുതൽ പ്രവൃത്തികൾ) ബിൽ ഉദ്ദേശ കാരണങ്ങളുടെ വിവരണത്തോടും ധനകാര്യ മെമ്മോറാണ്ടത്തോടും, ഏല്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോക്ടർ ആർ. പ്രസന്നൻ,
നിയമസഭാ സെക്രട്ടറി.

ഏഴാം കേരള നിയമസഭ
21-ാം നമ്പർ ബിൽ.

1983-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില സംഘങ്ങളെ സംബന്ധിച്ച് കൂടുതൽ പ്രവൃത്തികരം) ബിൽ

ചില സംഘങ്ങളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ പ്രവൃത്തികരം ചെയ്യുന്നതിനു വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു ബിൽ

പീഠിക.—ചില സംഘങ്ങളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ പ്രവൃത്തികരം ചെയ്യുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും ആരംഭവും.—(1) ഈ ആക്റ്റിന് 1983-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില സംഘങ്ങളെ സംബന്ധിച്ച് കൂടുതൽ പ്രവൃത്തികരം) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത്, സർക്കാർ, ഗസറ്റിൽ വിജ്ഞാപനംമൂലം നിശ്ചയിക്കാവുന്ന പ്രകാരമുള്ള തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) ഒരു സംഘത്തെ സംബന്ധിച്ച്, "ഭരണസമിതി" എന്നാൽ, സംഘത്തിന്റെ ചട്ടങ്ങളും റെഗുലേഷനുകളും മുഖേന അതിന്റെ കാര്യനിർവ്വഹണം ഏല്പിച്ചുകൊടുക്കപ്പെട്ടിട്ടുള്ള ഗവർണർമാർ, കൗൺസിൽ, ഡയറക്ടർമാർ, കമ്മിറ്റി, ട്രസ്റ്റികൾ അല്ലെങ്കിൽ മറ്റ് സമിതി എന്നർത്ഥമാകുന്നു ;

(ബി) "സംഘം" എന്നാൽ കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അല്ലെങ്കിൽ സർവ്വ വിജ്ഞാനകോശ പ്രസിദ്ധീകരണവകുപ്പ് സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് അല്ലെങ്കിൽ കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി എന്നർത്ഥമാകുന്നു ;

(സി) "പബ്ലിക് സർവ്വീസ് കമ്മീഷൻ" എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു ;

3. സംഘങ്ങളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവൃത്തികരം.—

(1) ഓരോ സംഘത്തിന്റെയും ഭരണസമിതി—

(എ) സംഘത്തിന്റെ കീഴിലുള്ള സർവ്വീസുകളിലേയ്ക്കും തസ്തികകളിലേക്കും ആളുകളെ തെരഞ്ഞെടുക്കുന്ന രീതിയെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും ;

(ബി) ആ സംഘത്തിന്റെ കീഴിലുള്ള എല്ലാ സർവ്വീസുകളിലേക്കും തസ്തികകളിലേക്കും നിയമനം നടത്തുന്നതിലും, ഒരു സർവ്വീസിൽനിന്നും മറ്റൊന്നിലേയ്ക്ക് ഉദ്യോഗക്കയറ്റം നല്കുന്നതിലും സ്ഥലം മാറ്റുന്നതിലും അനുവർത്തിക്കേണ്ട തത്വങ്ങളെക്കുറിച്ചും, അങ്ങിനെയുള്ള നിയമനങ്ങൾക്കും, ഉദ്യോഗക്കയറ്റങ്ങൾക്കും, സ്ഥലം മാറ്റങ്ങൾക്കും അപേക്ഷകരുടെ അനുയോജ്യതയെക്കുറിച്ചും പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചന നടത്തേണ്ടതും, അപ്രകാരം അഭിപ്രായത്തിനയച്ച ഏത് കാര്യത്തിലും ഉപദേശം നൽകേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതുമാണ്;

എന്നാൽ, സർക്കാരിന് പൊതുവായോ, അഥവാ ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽപെടുന്ന സംഗതികളിലോ അഥവാ ഏതെങ്കിലും പ്രത്യേക സാഹചര്യങ്ങളിലോ ഏതെല്ലാം കാര്യങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കേണ്ടതില്ല എന്ന് നിർദ്ദേശിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പബ്ലിക് സർവ്വീസ് കമ്മീഷനും ഭരണസമിതിയുമായി ഏതെങ്കിലും കാര്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന സംഗതിയിൽ, ഭരണസമിതി ആ കാര്യം സർക്കാരിലേക്ക് അഭിപ്രായത്തിനയയ്ക്കേണ്ടതും, അതിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്;

എന്നാൽ, സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി ഒരു തീരുമാനം എടുക്കുന്നതിനു മുൻപായി, ആ കാര്യം കമ്മീഷന് അഭിപ്രായത്തിനായി അയക്കേണ്ടതാണ്.

4. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി, സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷനും സംഘങ്ങളുടെ ഭരണസമിതികളുമായി കൂടിയാലോചിച്ച് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ദോഷം വരാത്ത വിധത്തിലും, അങ്ങിനെയുള്ള ചട്ടങ്ങൾ, താഴെപ്പറയുന്നവയ്ക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്—

(എ) സംഘങ്ങളുടെ ഭരണസമിതികൾ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചന നടത്തുന്നതിന് അനുവർത്തിക്കേണ്ട നടപടിക്രമം;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്നതിന് ആനുഷംഗികമായതോ അഥവാ ആവശ്യമുള്ളതോ ആയ ഏതെങ്കിലും കാര്യങ്ങൾ.

(3) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം, നിയമസഭ യോഗം ചേർന്നിരിക്കുമ്പോൾ അതിന്റെ മുൻപാകെ ആകെ പതിനാലു ദിവസത്തേക്ക്—അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനത്തിലോ പെടാം—വയ്ക്കേണ്ടതും, അത് അപ്രകാരം വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ്, നിയമസഭ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്താൽ, അതിനുശേഷം, ചട്ടത്തിന്, അതതു സംഗതിപോലെ അങ്ങനെ ഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരി

ക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാണ്; എന്നിരുന്നാലും, അങ്ങിനെയുള്ള ഏതെങ്കിലും ഭേദഗതിയോ അഥവാ റദ്ദാക്കലോ ആ ചട്ടത്തിൻകീഴിൽ നേരത്തെ ചെയ്ത യാതൊന്നിന്റെയും സാധുതയ്ക്ക് ദൂഷ്യം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

കേരള ബുക്ക്സ് ആൻറ് പബ്ലിക്കേഷൻസ് സൊസൈററി, കേരള സംസ്ഥാന ഭാഷാ ഇൻസ്ററിററ്യൂട്ട്, സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണങ്ങളുടെ സംസ്ഥാന ഇൻസ്ററിററ്യൂട്ട് എന്നിവ 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ-ശാസ്ത്ര-ധർമ്മസംഘ രജിസ്ട്രേഷൻ ആക്ററ് പ്രകാരം രജിസ്ററർ ചെയ്യപ്പെട്ടിട്ടുള്ള സംഘങ്ങൾ ആണ്.

2. കേരള ബുക്ക്സ് ആൻറ് പബ്ലിക്കേഷൻസ് സൊസൈററിയുടെ ചട്ടങ്ങളും റെഗുലേഷനുകളും; 20-ാം ചട്ടം (i)-ാം ഖണ്ഡമനുസരിച്ച് മാനേജിംഗ് ഡയറക്ടറുടെ തസ്തികയിലേക്കും, ഏററവും കുറഞ്ഞ അടിസ്ഥാന ശമ്പളം 600 രൂപയോ അതിൽകൂടുതലോ ഉള്ള എല്ലാ തസ്തികകളിലേക്കും ഉള്ള നിയമനത്തിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം ഉണ്ടായിരിക്കണം; അതിന് താഴെയുള്ള എല്ലാ തസ്തികകളും ഭരണസമിതി രൂപീകരിച്ച ഒരു ഉപകമ്മിററി നടത്തുന്ന നേരിട്ടുള്ള നിയമനം വഴിയാണ് നികത്തപ്പെടുന്നത്. സർക്കാർ നിർണ്ണയിച്ച നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച്, ഒഴിവുകൾ സർക്കാർ വകുപ്പുകളിൽനിന്നും ഡെപ്യൂട്ടേഷനിൽവരുന്ന അനുയോജ്യരായ ആളുകളെക്കൊണ്ടും, അവരുടെ അഭാവത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും തിരഞ്ഞെടുക്കുന്നവരെക്കൊണ്ടും, ഇവർ രണ്ടുകൂട്ടരുടെയും അഭാവത്തിൽ, പരസ്യംവഴി ലഭിക്കുന്ന അപേക്ഷകരെക്കൊണ്ടും നികത്തപ്പെടേണ്ടതാണ്. ഭരണസമിതിയാണ് എല്ലാ നിയമനങ്ങളും നടത്തുന്നത്.

3. സംസ്ഥാന ഭാഷാ ഇൻസ്ററിററ്യൂട്ടിൽ, എല്ലാ നിയമനങ്ങളും, ഇൻസ്ററിററ്യൂട്ടിന്റെ ഭരണസമിതിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച്, ഇൻസ്ററിററ്യൂട്ടിന്റെ ഡയറക്ടറാണ് നടത്തുന്നത്. സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണങ്ങളുടെ ഇൻസ്ററിററ്യൂട്ടിലും, എല്ലാ നിയമനങ്ങളും, ഇൻസ്ററിററ്യൂട്ടിന്റെ ഭരണസമിതിയുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി, ഇൻസ്ററിററ്യൂട്ടിന്റെ ഡയറക്ടറാണ് നടത്തുന്നത്.

4. എല്ലാ പൊതുസംരംഭങ്ങളിലെയും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെയും താഴ്ന്ന തസ്തികകളിലേക്കുള്ള റിക്രൂട്ട്മെൻറ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുക എന്നതാണ് സർക്കാരിന്റെ പൊതുവായ നയം. അതനുസരിച്ച്, മുകളിൽ പരാമർശിച്ച സംഘങ്ങളിലെ എല്ലാ താഴ്ന്ന തസ്തികകളിലേക്കുമുള്ള തിരഞ്ഞെടുപ്പ് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നു. അങ്ങനെയുള്ള തസ്തികകളെ സംബന്ധിക്കുന്ന ചില കാര്യങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുകൂടി ഉദ്ദേശിക്കുന്നു.

5. മുകളിൽ പറഞ്ഞ ലക്ഷ്യങ്ങൾ നേടുന്നതിനുദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കി പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ പബ്ലിക് സർവ്വീസ് കമ്മിഷൻ ആഫീസിൽ ഉണ്ടാകാൻ ഇടയുള്ള ജോലി കൂടുതലിനനുസൃതമായി പബ്ലിക് സർവ്വീസ് കമ്മീഷനിലെ സ്റ്റാഫിന്റെ എണ്ണം വേണ്ടത്ര വർദ്ധിപ്പിക്കേണ്ടിവരും. ഈ കണക്കിൽ കൂടുതലായി വഹിക്കേണ്ടി വരാവുന്ന ചെലവ്, ന്യായമായ കൃത്യതയോടുകൂടി ഇപ്പോൾ തിട്ടപ്പെടുത്താൻ സാദ്ധ്യമല്ല.

ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഗസറ്റിൽ വിജ്ഞാപനം വഴി സർക്കാർ നിശ്ചയിക്കാവുന്ന തീയതി ഈ ആക്റ്റ് പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ 1-ാം ഖണ്ഡം, (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. പൊതുവായോ അഥവാ ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽപ്പെടുന്ന സംഗതികളിലോ അഥവാ ഏതെങ്കിലും പ്രത്യേക സാഹചര്യങ്ങളിലോ ഏതെല്ലാം കാര്യങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കേണ്ടതില്ല എന്ന് നിർദ്ദേശിക്കുന്ന ചട്ടങ്ങളുണ്ടാക്കാനായി സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിലെ ക്ലിപ്ത നിബന്ധനകൊണ്ടുദ്ദേശിക്കുന്നു. ആക്റ്റിന്റെ ഉദ്ദേശം നടപ്പാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാനായി സർക്കാരിനെ അധികാരപ്പെടുത്താൻ, ബില്ലിന്റെ 4-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് ആ കാര്യങ്ങൾ ആ ഖണ്ഡത്തിലെ (2)-ാം ഉപഖണ്ഡത്തിൽ പ്രത്യേകം പറഞ്ഞിരിക്കുന്നു.

(2) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നത്, അഥവാ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് ആ കാര്യങ്ങൾ ഭരണപരമായ സ്വഭാവത്തോടുകൂടിയവയോ, വിശദാംശങ്ങളെ സംബന്ധിക്കുന്നവയോ ആണ്, ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം അങ്ങനെ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എം. കമലം,

(ശരിതർജ്ജമ)

എ. പി. പെരുമാൾ,
നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി.